# കാലിക്കറ്റ് സർവ്വകലാശാല

**ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്**

105440/DOA-ASST-3/2026/Admn 04.06.2026

**പത്രക്കുറിപ്പ്**

കാലിക്കറ്റ് സർവ്വകലാശാലയിൽ, പ്രവേശന പരീക്ഷാ അടിസ്ഥാനത്തിൽ പ്രവേശനം നൽകുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഡിജിറ്റൽ മീഡിയ പ്രൊഡക്ഷൻ(പ്രൊജക്റ്റ് മോഡ്) പ്രോഗ്രാം, പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ കൊമേഴ്സ്യൽ ടിഷ്യൂ കൾച്ചർ ഓഫ് അഗ്രി ഹോർട്ടികൾച്ചറൽ ക്രോപ്സ്, പി.ജി. ഡിപ്ലോമ ഇൻ ഡാറ്റ സയൻസ് & അനലിറ്റിക്സ് എന്നീ പ്രൊജക്റ്റ് മോഡ് പ്രോഗ്രാമുകളിലെ പ്രവേശനത്തിന് ഇപ്പോൾ അപേക്ഷിക്കാം. ഓൺലൈൻ രജിസ്ട്രേഷൻ 2026 ജൂൺ 15 ന് അവസാനിക്കും.

പ്രവേശന വിജ്ഞാപനത്തിനും മറ്റ് വിശദവിവരങ്ങൾക്കും വെബ്സൈറ്റ് (admission.uoc.ac.in) സന്ദർശിക്കുക.

ഓരോ പ്രോഗ്രാമിനും ജനറൽ വിഭാഗത്തിന് 680/- രൂപയും എസ്.സി./എസ്.ടി. വിഭാഗത്തിന് 300/- രൂപയുമാണ് അപേക്ഷാ ഫീസ്. ഓരോ അധിക പ്രോഗ്രാമിനും 100 രൂപ അടക്കേണ്ടതാണ്.

ഓൺലൈൻ അപേക്ഷ സമർപ്പണത്തിന്റെ ആദ്യ ഘട്ടത്തിൽ CAP IDയും പാസ്‌വേഡും മൊബൈലിൽ ലഭ്യമാകുന്നതിനുവേണ്ടി അപേക്ഷകർ http://admission.uoc.ac.in -> Diploma -> Project Mode Diploma-Apply Now എന്ന ലിങ്കിൽ അവരുടെ അടിസ്ഥാന വിവരങ്ങൾ നൽകേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷന്റെ തുടക്കത്തിൽ മൊബൈൽ നമ്പർ ഒ.ടി.പി (One Time Password) വെരിഫിക്കേഷൻ നടപ്പിലാക്കിയിട്ടുണ്ട്. ആയതിനാൽ രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾ അവരുടെതോ, അല്ലെങ്കിൽ രക്ഷിതാവിന്റെയോ ഫോൺ നമ്പർ മാത്രമേ ഓൺലൈൻ രജിസ്ട്രേഷൻ സമയത്ത് നൽകാവൂ. തുടർന്ന് മൊബൈലിൽ ലഭിച്ച CAP ID യും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷ പൂർത്തീകരിക്കേണ്ടതാണ്. അപേക്ഷയുടെ അവസാനമാണ് രജിസ്ട്രേഷൻ ഫീസ് അടയ്ക്കേണ്ടത്. അപേക്ഷാ ഫീസ് അടച്ചതിനുശേഷം അപേക്ഷയുടെ പ്രിന്റ്ഔട്ട് എടുക്കേണ്ടതാണ്. പ്രന്റ്ഔട്ട് ലഭിക്കുന്നതോടെ മാത്രമേ അപേക്ഷ പൂർണ്ണമാകുകയുള്ളൂ. പ്രിന്റ് ഔട്ടിൽ രേഖപ്പെടുത്തിയ വിവരങ്ങൾ വിദ്യാർത്ഥികൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

പ്രവേശന പരീക്ഷ തിയ്യതി, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തിയ്യതി, പ്രവേശനം ആരംഭിക്കുന്ന തിയ്യതി തുടങ്ങിയ വിശദാംശങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

ഫോൺ : 0494 2407016, 2407017.

| പ്രോഗ്രാം | പ്രോഗ്രാം നടത്തപ്പെടുന്ന സെന്റർ / പഠന വകുപ്പ് | ഫോൺ നമ്പർ |
|---|---|---|
| പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഡിജിറ്റൽ മീഡിയ പ്രൊഡക്ഷൻ(പ്രൊജക്റ്റ് മോഡ്) പ്രോഗ്രാം, | എഡ്യൂക്കേഷനൽ മൾട്ടി മീഡിയ & റിസർച്ച് സെന്റർ | 0494 2407279, 2401971 |
| പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ കൊമേഴ്ഷ്യൽ ടിഷ്യു കൾച്ചർ ഓഫ് അഗ്രി ഹോർട്ടികൾച്ചറൽ ക്രോപ്സ്, | ബോട്ടണി പഠന വകുപ്പ് | 0494 2407406 2407407 |
| പി.ജി. ഡിപ്ലോമ ഇൻ ഡാറ്റ സയൻസ് & അനലിറ്റിക്സ് | കമ്പ്യൂട്ടർ സയൻസ് പഠന വകുപ്പ് | 0494 2407325 |

Rajeevan Mundayat Valappil

Deputy Registrar

To

പബ്ലിക് റിലേഷൻസ് ഓഫീസർ (എല്ലാ ജില്ലകളിലും പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)